PATCHED
31/01/2020
18. 1. 20

# സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം

തിരുവനന്തപുരം–695 001
**Tel: 0471 2561612/2561613/2561614/2335199, Fax: 0471 2330920**
Email: sic@kerala.nic.in

ഹർജി നമ്പർ **CP 604(6)/2015/SIC** തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം
**File No.7553/SIC-Gen5/2015**

**സന്നിഹിതൻ**
**ശ്രീ. വിൻസൻ എം.പോൾ, മുഖ്യ വിവരാവകാശ കമ്മീഷണർ**

ശ്രീ. ഷക്കീർ അഹമ്മദ് എസ്.എ.,
വട്ടപറമ്പിൽ വീട്,
ചെറുതുരുത്തി, തൃശ്ശൂർ. — പരാതി ഹർജിക്കാരൻ

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
പോലീസ് സബ് ഇൻസ്പെക്ടർ,
എരുമപ്പെട്ടി പോലീസ് സ്റ്റേഷൻ,
തൃശ്ശൂർ. — എതിർകക്ഷി

| | |
|---|---|
| 6(1) വകുപ്പുപ്രകാരമുള്ള അപേക്ഷ തീയതി | 4.3.2015 |
| മറുപടി ലഭ്യമാക്കിയ തീയതി | 4.4.2015 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 7.5.2015 |
| കമ്മീഷനിൽ പരാതി ലഭിച്ച തീയതി | 8.5.2015 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 27.5.2015 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 12.6.2015 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 18..1.2020, വീഡിയോ കോൺഫറൻസ് ഹാൾ, കളക്ടറേറ്റ്, തൃശ്ശൂർ. |
| ഹിയറിംഗ് സാന്നിദ്ധ്യം | എതിർകക്ഷി ഹാജരായി. പരാതി ഹർജിക്കാരൻ ഹാജരുണ്ടായില്ല. |

## ഉത്തരവ്

പരാതി ഹർജിക്കാരനായ ശ്രീ. ഷക്കീർ അഹമ്മദ് എസ്.എ., കമ്മീഷൻ മുൻപാകെ സമർപ്പിച്ച പരാതി ഹർജിയിൽ ബോധിപ്പിച്ചത്, ടിയാന്റെ അപേക്ഷയിന്മേൽ ശരിയായ മറുപടി ലഭിച്ചില്ലെന്നും ടിയാൻ ആവശ്യപ്പെട്ട ക്രൈം 52/2005 പ്രകാരമുള്ള രേഖകൾ ലഭിച്ചില്ലെന്നും അപ്പീൽ അധികാരി ആരാണെന്നു എതിർകക്ഷി നൽകിയ മറുപടിയിൽ രേഖപ്പെടുത്തിയിട്ടില്ലെന്നും മറ്റുമാണ്.

2. എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത്, എരുമപ്പെട്ടി പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ക്രൈം 52/2005, 159/2006, 78/2006, 5/2013 എന്നീ കേസ്സുകളുടെ എഫ്.ഐ.ആർ., എഫ്.ഐ.എസ്.,

സാക്ഷി മൊഴികൾ, മഹസ്സറുകൾ, കുറ്റപത്രം, ജഡ്ജ്മെന്റ് എന്നിവയുടെ പകർപ്പുകൾ നൽകണമെന്നാണ്.

മേൽപ്പടി അപേക്ഷയിന്മേൽ എതിർകക്ഷി നൽകിയ മറുപടിയിൽ അറിയിച്ചത്, ക്രൈം 52/2005 രേഖകൾ പരിശോധിച്ചതിൽ ലഭ്യമായിട്ടില്ലെന്നും മറ്റിനങ്ങളിൽ ആവശ്യപ്പെട്ട രേഖകൾ നൽകുന്നു എന്നുമാണ്.

3. എതിർകക്ഷി, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരൻ ആവശ്യപ്പെട്ട രേഖകളിൽ എതിർകക്ഷി ഓഫീസിൽ ലഭ്യമായ വിവരങ്ങൾ ടിയാന് അനുവദിച്ച് നൽകിയിട്ടുള്ളതാണെന്നും ക്രൈം 52/05 കേസ്സുമായി ബന്ധപ്പെട്ട സിഡി ഫയൽ പരിശോധിച്ചതിൽ ആയത് കണ്ടെത്താൻ കഴിഞ്ഞില്ലെന്നും മേൽപ്പടി കേസ്സിലെ പ്രതിയെ വടക്കാഞ്ചേരി കോടതിയിൽ സി.സി 12/2007 ആയി വിചാരണ നടത്തി 3 മാസത്തെ വെറും തടവിന് ശിക്ഷിച്ചിരുന്നു എന്നും ആയതിനെതിരെ മേൽപ്പടി പ്രതി പ്രിൻസിപ്പൾ സെഷൻസ് കോടതി മുമ്പാകെ അപ്പീൽ പോയിട്ടുള്ളതാണെന്നുമാണ്. ഒന്നാം അപ്പീൽ അധികാരിയുടെ അഡ്രസ് അറിയിക്കാൻ വിട്ടുപോയിട്ടുള്ളതാണെന്നും ടി റിപ്പോർട്ടിൽ വ്യക്തമാക്കി.

4. ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച കത്തിൽ പ്രസ്താവിച്ചത്, ടിയാൻ അവശ്യപ്പെട്ട ഫയൽ ലഭ്യമല്ലെന്ന മറുപടി ശരിയല്ലെന്നും മേൽപ്പടി ഫയൽ ലഭിച്ചിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച വിവരം നൽകണമെന്നും ഇക്കാര്യത്തിൽ ശരിയായ മറുപടി നൽകാത്ത ഉദ്യോഗസ്ഥനെതിരെ ശിക്ഷാ നടപടി സ്വീകരിക്കണമെന്നുമാണ്.

5. കമ്മീഷൻ മുമ്പാകെ ഹാജരായ നിലവിലെ എതിർകക്ഷി ബോധിപ്പിച്ചത്, ക്രൈം 52/05–മായി ബന്ധപ്പെട്ട ഫയൽ നിരന്തരമായ തെരച്ചിലുകൾക്ക് ഒടുവിൽ ഈയവസരത്തിൽ കണ്ടെത്തിയിട്ടുള്ളതാണെന്നും ആയതിനാൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ ഈ അവസരത്തിൽ നൽകാവുന്നതാണെന്നുമാണ്. ഹർജിക്കാരൻ ആവശ്യപ്പെട്ട എരുമപ്പെട്ടി പോലീസ് സ്റ്റേഷനിലെ ക്രൈം 52/2005 സിഡി ഫയൽ ഈ അവസരത്തിൽ കണ്ടെത്തിയതായും ആയത് നൽകുന്നതാണെന്ന് എതിർകക്ഷി കമ്മീഷൻ മുമ്പാകെ അറിയിച്ചിട്ടുള്ള സാഹചര്യത്തിലും, ഇക്കാര്യത്തിൽ എതിർകക്ഷിയുടെ ഭാഗത്തുനിന്നുമുണ്ടായ വീഴ്ച ബോധപൂർവ്വമായിരുന്നില്ലെന്നും കാണുന്നതിനാൽ, ഈ പരാതി ഹർജിയിൽ മറ്റു നടപടികൾ ആവശ്യമില്ലെന്നു വിലയിരുത്തി, ഈ പരാതി ഹർജി ഇന്നേ ദിവസം 2020 ജനുവരി 18–ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

ഒപ്പ്

വിൻസൻ എം.പോൾ
മുഖ്യ വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION * KERALA THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി (നിയമം)

bnk